(ബി) കഴിഞ്ഞവർഷം സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് കേന്ദ്ര പെൻഷൻകാർക്ക് അനുവദിച്ച ആനുകൂല്യങ്ങൾ സംസ്ഥാന പെൻഷൻ കാർക്ക് കാലാകാലങ്ങളിൽ അനുവദിച്ചിരുന്ന പെൻഷനിലെ അഡ്ഹോക്ക് വർദ്ധനവിന് ഉപരിയായി നൽകിക്കൊണ്ടാണ് ബാധകമാക്കിയത്. ഉദാരമാക്കിയ പെൻഷൻ വ്യവസ്ഥകൾക്ക് പിൽക്കാല പ്രാബല്യം നൽകണമെന്ന് കോടതി വിധി ഉണ്ടായിട്ടുണ്ട്. കൂടാതെ ഈ അടുത്ത കാലത്ത് കേന്ദ്രഗവൺമെന്റ് പെൻഷൻ വ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കിയിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ ശമ്പളക്കമ്മീഷന്റെ പെൻഷൻ സംബന്ധിച്ച ശുപാർശകൾ ഒരു പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു.

(സി) ഈ വർഷാവസാനത്തോടെ പുതിയ പെൻഷൻ വ്യവസ്ഥ പ്രഖ്യാപിക്കും.

(ഡി) പുതിയ പെൻഷൻ വ്യവസ്ഥ പ്രഖ്യാപിക്കുന്നതോടൊപ്പം ഈ കാര്യവും തീരുമാനിക്കപ്പെടും.

കേന്ദ്ര പെൻഷൻ ഫോർമുല

12. [15] ശ്രീ. സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള പെൻഷൻ ഫോർമുല സംസ്ഥാനസർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്നു മുതൽ?

ഉത്തരം

(എ) പെൻഷൻ നിയമങ്ങളും ഉദാരമാക്കിക്കൊണ്ടുള്ള കേന്ദ്രഗവൺമെന്റിന്റെ ഏറ്റവും പുതിയ ഉത്തരവുകളും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) പെൻഷൻ നിയമങ്ങളും വിശദമായി പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ധനകാര്യവകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കേന്ദ്രഗവൺമെന്റ് ഉത്തരവുകളും ഉൾപ്പെടെ ഇതു സംബന്ധിച്ചുള്ള എല്ലാ വശങ്ങളും ധനകാര്യവകുപ്പിന്റെ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥൻമാർ

13. [16] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ഉള്ള എൻ. ജി. ഒ. മാരുടെ എണ്ണം എത്ര;

(ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ ആകെ എത്ര ഗസറ്റഡ് ഉദ്യോഗസ്ഥൻമാർ ഉണ്ട്?

LIBRARY ARCHIVES Kerala Legislative Assembly